# نصيحة الجمعة

تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam–iyyathul Ulama, Kollam, Kerala)

للأستاذ المولوي سي. اي .موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

**തീയതി:** 07/07/2017 **വിഷയം:** അല്ലാഹു കോപിക്കുന്നവർ

إِنَّمَا السَّبِيلُ عَلَى الَّذِينَ يَظْلِمُونَ النَّاسَ وَيَبْغُونَ فِي الْأَرْضِ بِغَيْرِ الْحَقِّ أُوْلَئِكَ لَهُم عَذَابٌ أَلِيمٌ ﴿شوري : ٤٢﴾

➢ തന്നോട് എന്നപോലെ തന്റെ ആശ്രിതരോടും മറ്റുള്ളവർ നന്നായി പെരുമാറണമെന്ന് നാം ആഗ്രഹിക്കുന്നു. നമ്മുടെ മാതാപിതാക്കളോട്, ഭാര്യ, മക്കളോട്, കുടുംബക്കാരോട് എല്ലാം. അതിന് വിപരീതമായി അവരോട് മോശമായ പെരുമാറ്റം നമ്മേ ചൊടിപ്പിക്കും. അധ്യാപകർ, ഡോക്ടർ, അയൽക്കാർ, ബസ് ജീവനക്കാർ... ആരായാലും നാം പ്രതികരിക്കും.

➢ ആശ്രിതർ മാത്രമല്ല നാമുമായി ബന്ധപ്പെട്ട വസ്തുക്കളേക്കുറിച്ചും നമ്മുടെ നിലപാട് ഇതു തന്നെയാണ്. ഉദാ. നമ്മുടെ വീട്, വാഹനം, ചെടി, കേടുവരുത്തിയാൽ നാം പകരം ചോദിക്കും. അതിന് കഴിയില്ലെങ്കിൽ നിയമ നടപടി സ്വീകരിക്കും.

➢ അല്ലാഹുതആലായും ഇതേ സമീപനക്കാരനാണ്. മനുഷ്യൻ തനിക്ക് ഇബാദത്ത് ചെയ്താൽ മാത്രം പോരാ തന്റെ ആശ്രിതരോട് നന്നായി പെരുമാറണം എന്നും ആഗ്രഹിക്കുന്നു.

عن أنس بن مالك أن النبي صلى الله عليه وسلم قال الخلقُ كُلُّهم عِيالُ اللهِ عزَّ وجلَّ، فأَحَبُّ خلقِه إليه أنفعُهم لِعِيالِه(طبراني)

(=സൃഷ്ടികൾ അല്ലാഹുവിന് വേ പ്പെട്ടവരാണ്. അവരോട് ഗുണകരമായി പെരുമാറുന്നവരാണ് അവന് ഏറ്റവും പ്രിയപ്പെട്ടവർ.)

➢ ഇബാദത്തുകൾ എല്ലാം നിർവ്വഹിക്കുന്ന ഒരാൾ തന്റെ സൃഷ്ടികളോട് മോശമായി പെരുമാറിയാൽ അല്ലാഹു കോപി

ഷ്ഠനാകും. അപ്പോൾ ഇബാദത്തുകളൊന്നും അവ ൻ പരിഗണിക്കില്ല.

عن عبدالله بن عمرو أن النبي صلى الله عليه وسلم قال: خُلُقانِ يحبُّهُما الله وخُلُقانِ يبغضُهما اللهُ فأمَّا اللَّذانِ يحبُّهما اللهُ فالسَّخاءُ والسَّماحةُ وأمَّا اللَّذانِ يبغضُهما اللهُ فسوءُ الخلُقِ والبُخلُ وإذا أرادَ الله بعبدٍ خيرًا استعَملَهُ على قضاءِ حَوائجِ النَّاسِ (بيهقي)

(=ര ് സ്വഭാവങ്ങൾ അല്ലാഹുവിനെ സംതൃപ്തനാക്കും. മറ്റ് ര ് സ്വഭാവങ്ങൾ അവനെ കോപാകുലനാക്കും. ദാന ധർമ്മം, സൗമ്യമായ പെരുമാറ്റം എന്നിവ അവനെ സന്തുഷ്ടനാക്കുമ്പോൾ ദു:സ്വഭാവവും ലുബ്ദ്ധതയും അവനെ കോപാ കുലനാക്കുന്നു. അല്ലാഹു ഒരാളെ കൊണ്ട് നന്മ ഉദ്ദേശിക്കു ന്നുവെങ്കിൽ ജനങ്ങളുടെ ആവശ്യ നിർവ്വഹണത്തിനായി അയാളെ നിയമിക്കും).

ഇവിടെ സൗമ്യതയും ദാനധർമ്മവും അവൻ ഇഷ്ടപ്പെടുന്നു. ലുബ്ധതയും ദുഃസ്വഭാവവും അവൻ വെറുക്കുന്നു.

➢ ഇത്തരക്കാരുടെ ആരാധനകൾ ഫലപ്പെടുകയില്ല.

عَنْ أَبِي ذَرٍّ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " إِنَّ بَعْدِي مِنْ أُمَّتِي ، أَوْ سَيَكُونُ بَعْدِي مِنْ أُمَّتِي قَوْمٌ يَقْرَءُونَ الْقُرْآنَ لا يُجَاوِزُ حُلُوقَهُمْ يَخْرُجُونَ مِنَ الدِّينِ كَمَا يَخْرُجُ السَّهْمِ مِنَ الرَّمِيَّةَ لا يَعُودُونَ فِيهِ شَرُّ الْخَلْقِ وَالْخَلِيقَةِ (مسلم)

ഇവിടെ ദീൻ നഷ്ടമാകാൻ കാരണം നന്മ ചെയ്യാത്തതല്ല. ഖുർആൻ ഓതാത്തതല്ല. പെരുമാറ്റം മോശമായതാണ്.

➢ മൃഗങ്ങൾ പോലും ചെയ്യാൻ മടിക്കുന്നത് ഇന്ന് മനുഷ്യൻ ചെയ്യുന്നു. സ്വന്തം മാതാപിതാക്കളോട്, ഭാര്യയോട്, മക്കളോട്, അയൽവാസികളോട്, കുടുംബക്കാരോട്..

ഉദാ: (1). കോടികൾ സമ്പാധിക്കാൻ സഹപ്രവർത്തകർക്കെ തിരെ ക്വട്ടേഷൻ കൊടുക്കുന്ന ചലച്ചിത്ര ലോകം.

(2). സ്ത്രീ പീഡനം: ര ു വയസ്സുള്ളവർ മുതൽ പടുവൃദ്ധ വരെയുള്ളവർ ഇരകൾ.

ഇമാം ശാഫിഈ (റ) പറയുന്നു.

نَعيبُ زَمانَنا وَالعَيبُ فينا     وَما لِزَمانِنا عَيبٌ سِوانا

وَنَهجو ذا الزَمانِ بِغَيرِ ذَنبٍ     وَلَو نَطَقَ الزَمانُ لَنا هَجانا

وَلَيسَ الذِئبُ يَأكُلُ لَحمَ ذِئبٍ     وَيَأكُلُ بَعضُنا بَعضاً عَيانا

(=കാലം മോശമായി എന്നു നാം പറയുന്നു. സത്യത്തിൽ നാമാണ് മോശമായത്. നമ്മുടെ സാന്നിധ്യമല്ലാത്തയാതൊരു കുറ്റവും കാലത്തിനില്ല. തെറ്റു ചെയ്യാത്ത കാലത്തെ നാം ആക്ഷേപിക്കുന്നു. സംസാരിക്കാൻ കഴിയുമായിരുന്നെങ്കിൽ കാലം നമ്മെ ആക്ഷേപിച്ചേനെ. ചെന്നായ മറ്റ് ചെന്നായയെ ഭക്ഷിക്കില്ല. നാം പച്ചയിറച്ചി തിന്നുന്നവരാണ്.)

➢ ഇത്തരം തിന്മകൾക്കെതിരെ മദ്രസകൾ നല്ല ബോധവൽക്കരണം നടത്തുന്നു.‘‘അഖ്ലാഖ്’’ മുഴുവനും സംസ്ക്കാരങ്ങളാണ്.

മദ്രസയിൽ കുട്ടികളെ അയയ്ക്കണം. ദീൻ പഠിക്കാതെ പോയാൽ അതിന്റെ രുചി ആദ്യം അറിയുന്നത് മാതാപിതാക്കൾ തന്നെ. ഉദാഹരണങ്ങൾ നമ്മുടെ കൺമുമ്പിൽ എത്രയോ ഉണ്ടാകും. മതപഠനത്തിന് പ്രാധാന്യം നൽ കണം. ചുറ്റുപാടുകൾ വളരെ മോശമാണ്.

➢ വളർന്ന് വരുന്ന തലമുറയെ ദീനിൽ നിന്ന് അകറ്റുന്ന രണ്ട് കാരണങ്ങൾ നാം ഗൗരവമായി കാണണം.

1. ഭൗതീക പ്രമത്തത. ദുനിയാവിനോടുള്ള ആഗ്രഹം എന്തു ചെയ്യാനും മടിയില്ലാത്തവരായി സമൂഹത്തെ വളർത്തുകയാണ്.
2. ദീനീപരമായി ജീവിക്കാൻ പ്രയാസമുള്ള ചുറ്റുപാടുകൾ നമ്മുടെ രാജ്യത്ത് വളർന്ന് വരുന്നു. ഉദാ: പ്രധാനമന്ത്രിയുടെ പ്രസ്താവനക്ക് ശേഷം ബീഫിന്റെ പേരിൽ നടന്ന കൊലപാതകം. ഇവിടെ ബീഫല്ല പ്രശ്നം മുസ്ലിമായതാണ് യഥാർത്ഥ പ്രശനം.

മതം പഠിക്കാത്തവരെ ദീനിൽ നിന്ന് അകറ്റാൻ ഇത് കാരണമാകും. നാം കരുതലോടെ നീങ്ങേണ്ടതുണ്ട്. അല്ലാത്ത പ ക്ഷം വരും തലമുറ നഷ്ടമാകും. മദ്രസയെ നാം നിലനിർത്തുക വരും തലമുറയുടെ രക്ഷയ്ക്കായി.

■